ഉത്തരം

(എ) ലഭ്യമായ റിപ്പോർട്ടുകളനുസരിച്ച് ഇല്ല.

(ബി&സി) ഇത്തരം പരിശോധന നാഷണൽ എയ്ഡ്സ് പോളിസിയ്ക്ക് വിരുദ്ധമായതിനാൽ നടത്തിയിട്ടില്ല.

(ഡി) അട്ടപ്പാടി പ്രദേശത്ത് കുടുംബാരോഗ്യ ബോധവല്ക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞവർഷം മുതൽ എയ്ഡ്സ് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

രോഗികൾക്ക് പൂപ്പൽ ബാധിച്ച റൊട്ടി വിതരണം ചെയ്ത സംഭവം

102 (873) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ കഴിഞ്ഞ ദിവസങ്ങളിൽ രോഗികൾക്ക് പൂപ്പൽ ബാധിച്ച റൊട്ടി വിതരണം ചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിനുത്തരവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉപയോഗശൂന്യമായ റൊട്ടി വിതരണം ചെയ്ത കരാറുകാരനും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത സംഭവത്തിനുത്തരവാദികളായ ഉദ്യോഗസ്ഥരെ അച്ചടക്കനടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കരാറുകാരനെതിരെ നടപടി എടുക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ

103 (874) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെഎച്ച്ആർഡബ്ല്യുഎസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ വളരെക്കാലമായി നടന്നിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രി പേവാർഡിൽ നിന്നും പ്രതിവർഷം എത്ര രൂപ വരുമാനം ലഭിക്കുന്നുണ്ട് ;

(സി) പ്രസ്തുത പേവാർഡിന്റെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെഎച്ച്ആർഡബ്ല്യു.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ 2013-ാമാണ്ട് ആഗസ്റ്റിനുശേഷം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതിവർഷം പതിനാറു ലക്ഷത്തോളം രൂപ വരുമാനം ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത പേവാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

104 (878) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിലേയും ഒഴിവുകളുടെ എണ്ണം എത്ര ;

(ബി) ഈ ആശുപത്രികളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നഴ്സുമാർ ജോലി ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് അവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) സ്റ്റാഫ് നേഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താല്ക്കാലികാടിസ്ഥാനത്തിൽ നേഴ്സുമാരെ നിയമിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഗ്രേഡ് രണ്ട്, അറ്റൻഡർ തുടങ്ങിയ തസ്തികകളിൽ പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ളവ എത്ര ; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള തടസ്സം ഏതെങ്കിലും നിലനിൽക്കുന്നുണ്ടോ ;

(എഫ്) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം താഴെ ചേർത്തിരിക്കുന്നു.

മെഡിക്കൽ കോളേജ് ആശുപത്രി	-	16
മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രി	-	9
ജില്ലാ ആശുപത്രി	-	1

LIBRARY ARCHIVES Kerala Legislative Assembly